## കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമായി ഏറ്റെടുക്കുന്നതിനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, 'വിമുക്തി' മിഷന്റെ ലഹരി വിരുദ്ധ/ബോധ വൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനും പൊതുനിർദ്ദേശം നൽകി ഉത്തരവാകുന്നു

---

**ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്**

ജി ഒ (എം.എസ്) നം. 66/2017/ഉവിവ തിരുവനന്തപുരം,തീയതി, 05.03.2017

പരാമർശം:- 1. 16.10.2016 ലെ ജി.ഒ(എം.എസ്) നം . 94/2016/ നിവ നം ഉത്തരവ്

2. 3.11.2016 ലെ ജി.ഒ(ആർ.റ്റി) നം . 854/2016/ നിവ നം ഉത്തരവ്

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവു പ്രകാരം കേരളാ സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി "ക്ക് രൂപം നൽകിയിട്ടുണ്ട്. പരാമർശം (2)ലെ ഉത്തരവു പ്രകാരം " വിമുക്തി' യുടെ പ്രവർത്തനങ്ങൾക്ക് വിവിധ ജില്ലകളിൽ മേൽ നോട്ടം വഹിക്കുന്നതിന് മന്ത്രിമാരെ ചുമതലപ്പെടുത്തി ഉത്തരവാകുകയുണ്ടായി. ജില്ലാ തലത്തിൽ ഉദ്ഘാടനം നടന്നുകഴിഞ്ഞതിനെ തുടർന്ന് പ്രാദേശിക തലത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും വിമുക്തി മിഷന്റെ വിജയകരമായ പ്രവർത്തനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ലൈബ്രറി കൗൺസിൽ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സജീവ പങ്കാളിത്തം അനിവാര്യമാണ്.

2. മേൽ സാഹചര്യം കണക്കിലെടുത്ത് എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കണമെന്നും, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമായി ഏറ്റെടുക്കണമെന്നും ഇതിനാൽ ഉത്തരവാകുന്നു.

3. കൂടാതെ, 'വിമുക്തി' മിഷന്റെ ലഹരി വിരുദ്ധ/ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

4. മേൽ നിർദ്ദേശങ്ങൾ കർശനമായും നടപ്പിലാക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി ശ്രീനിവാസ്,

പ്രിൻസിപ്പൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ആയുർവേദ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ ആൻഡ് കംട്രോളിംഗ് ഓഫീസർ ഓഫ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജസ്, തിരുവനന്തപുരം

ഡയറക്ടർ,, IHRD, തിരുവനന്തപുരം.

ഡയറക്ടർ,, LBS, തിരുവനന്തപുരം.

മേലെഴുത്ത് കത്ത് നം. G4.10182/17/കോ.വി.വ. തീയതി : 29.03.2017.

എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിക്കണമെന്നും, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമായി ഏറ്റെടുക്കണമെന്നുമുള്ള സർക്കാർ ഉത്തരവിലെ നിർദ്ദേശം ഈ വകപ്പിന് കീഴിലെ എല്ലാ കോളേജുകളിലും നടപ്പിലാക്കുന്നുണ്ടെന്ന് സ്ഥാപനമേധാവിമാർ ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്/-
ഡോ. എ.എൻ. പത്മകുമാരി
അഡീഷണൽ ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

*TP – 30.3.2017.*